LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം വീടുകളിൽ ഇരട്ടവീടുകൾ ഒറ്റയാക്കി മാറ്റാൻ നടപടി

97 [3486] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം വീടുകളിൽ ഇരട്ടവീടുകൾ ഒറ്റയാക്കി മാറ്റാൻ നടപടി സ്വീകരിക്കുമെന്ന നയം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരം എത്ര ലക്ഷം വീടുകളാണ് ഒറ്റവീടായി മാറ്റാൻ ഉദ്ദേശിക്കുന്നത്;

(സി) ഇരട്ടവീടുകൾ ഒറ്റയാക്കി മാറ്റുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വഴി ഇതേവരെ എത്ര വീടുകൾ ഒറ്റയാക്കി മാറ്റിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

വിവിധ പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തുകൾ ഖാദി ബോർഡിന് നൽകുന്ന തുക

98 [3487] ശ്രീമതി. രാധാരാഘവൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ജെ. പൗലോസ്:
,, സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ജില്ലാ പഞ്ചായത്തുകൾ ഓരോ പദ്ധതിയും നടപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന ഖാദി ബോർഡിന് പണം നൽകാറുണ്ടോ;

(ബി) ഇക്കഴിഞ്ഞ മുന്നു വർഷത്തിനുള്ളിൽ എത്ര ജില്ലാ പഞ്ചായത്തുകൾ ആകെ എന്തു തുക ഇപ്രകാരം ഖാദി ബോർഡിനു ഏൽപ്പിച്ചിട്ടുണ്ട്;

(സി) ഇപ്രകാരം ഏൽപ്പിക്കുന്ന തുക കൊണ്ട് നിർദ്ദിഷ്ട പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ എന്ന് ഖാദി ബോർഡ് ശ്രദ്ധിക്കാറുണ്ടോ;

(ഡി) നിർദ്ദിഷ്ട പദ്ധതികൾ നടപ്പാക്കിയതിന്റെ വിശദവിവരം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളെ അറിയിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഈ വിധത്തിൽ ജില്ലാ പഞ്ചായത്ത് ഖാദി ബോർഡിനെ ഓരോ പദ്ധതിക്കുമായി ഏൽപ്പിച്ച തുക ചെലഴിച്ചതിൽ ദുർവിനിയോഗം കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്ര തുകയുടെ; അതിനുത്തരവാദികളായവരുടെമേൽ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം

99 [3488] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (കോർപ്പറേഷനുകൾ ഒഴികെ) നിന്ന് പിരിച്ചെടുത്ത തുകയ്ക്ക് പകരമായി എന്തെല്ലാം സേവനങ്ങൾ ഇന്നുവരെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇൻഫർമേഷൻ കേരള മിഷൻ നൽകിയിട്ടുണ്ട്;

(ബി) കേരളത്തിലെ ഓരോ കോർപ്പറേഷനിൽ നിന്നും എന്തെല്ലാം സേവനങ്ങൾക്കായി ഇന്നുവരെ ഇൻഫർമേഷൻ മിഷൻ എത്ര തുക പിരിച്ചെടുത്തു; എന്തെല്ലാം സേവനങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ കോർപ്പറേഷന് നൽകി;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റ് നിർമ്മിക്കാനായി ഇതിനകം എന്തു തുക, ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇൻഫർമേഷൻ കേരള മിഷൻ പിരിച്ചെടുത്തു; ഇതിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റ് ഇതിനകം പ്രസിദ്ധീകരിച്ചു;

(ഡി) ഇൻഫർമേഷൻ കേരള മിഷനെ കടസ്ട്രൽ മാപ്പ് ഡിജിറ്റൈസേഷൻ പരിപാടി സർക്കാർ ഏൽപ്പിച്ചിട്ടുണ്ടോ; ഇതിനായി ഇൻഫർമേഷൻ കേരള മിഷനിൽ എത്ര വിദഗ്ധരുണ്ട്; അവരുടെ യോഗ്യതകളും മുൻ പരിചയവും എന്തെല്ലാമാണ്; മാപ്പ് നിർമ്മാണത്തിനായി ഇതുവരെ എന്തു തുക ഇൻഫർമേഷൻ കേരള മിഷൻ ചെലവഴിച്ചു; എത്ര മാപ്പുകൾ ഡിജിറ്റിൽ രൂപത്തിൽ ലഭ്യമാക്കി;

(ഇ) ഇൻഫർമേഷൻ കേരള മിഷൻ നടത്തിയ പരിശീലനങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവകൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്;

(എഫ്) ഇൻഫർമേഷൻ കേരള മിഷൻ ഇതിനകം ഏതെല്ലാം ആവശ്യങ്ങൾക്കായി എന്തെല്ലാം സാധനങ്ങൾ, ഏതെല്ലാം കമ്പനികളിൽനിന്നും വാങ്ങിയിട്ടുണ്ട്;

(ജി) കമ്പ്യൂട്ടർ വാടകയ്ക്കെടുക്കാനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പ്യൂട്ടർ വാടകയ്ക്ക് നൽകാനുള്ള അവകാശം നൽകിയിരിക്കുന്നത്; ഈ സ്ഥാപനങ്ങൾക്ക് ഇതിനുള്ള മുൻ പരിചയമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly